പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.918 — 28/04/2017-ൽ മറുപടിക്ക്

## കായിക അധ്യാപകരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തൽ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കായിക അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;<br><br>(ബി) കായിക അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; | (എ) യും (ബി) യും തസ്തിക നിർണയത്തിന്റെ ഫലമായി തസ്തിക നഷ്ടപ്പെട്ടതും 29/01/2016-ലെ സ.ഉ (പി) നം. 29/16/പൊവിവ പ്രകാരം സംരക്ഷണത്തിന് അർഹത നേടിയതുമായ അദ്ധ്യാപകരെ കാറ്റഗറി വ്യത്യാസം കൂടാതെയാണ് സംരക്ഷിതാദ്ധ്യാപരുടെ ലിസ്റ്റായ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നത്. ഇത് പ്രകാരം കായികാദ്ധ്യാപകർക്ക് തസ്തിക നഷ്ടമായാലും അവരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നുണ്ട്. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച SRO No.752/16 നമ്പർ വിജ്ഞാപനം നിയമസഭാ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (സി) 2015 ജൂൺ മാസം വരെ എത്ര അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി എന്നതിന്റെ ജില്ലതിരിച്ചും, സ്കൂൾ (എയ്ഡഡ്, സർക്കാർ) തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) 29-01-2016 ലെ ജി.ഒ (പി) നം. 29/2016/പൊവിവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2011-12 മുതൽ 2015-16 വരെയുള്ള 5 വർഷങ്ങളിലെ തസ്തിക നിർണ്ണയം നടത്തുകയുണ്ടായി. ജില്ലകളിൽ നിന്ന് ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് സംരക്ഷണത്തിന് അർഹതയുള്ള 3674 ജീവനക്കാരാണ് 2015-16 വർഷം എയ്ഡഡ് വിഭാഗത്തിൽ തസ്തിക നഷ്ടമായിട്ടുള്ളത്. പ്രസ്തുത ജീവനക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| തിരുവനന്തപുരം | 377 |
| കൊല്ലം | 475 |
| ആലപ്പുഴ | 192 |
| പത്തനംതിട്ട | 136 |
| കോട്ടയം | 91 |
| ഇടുക്കി | 2 |
| എറണാകുളം | 335 |
| തൃശ്ശൂർ | 409 |
| പാലക്കാട് | 439 |
| മലപ്പുറം | 229 |
| കോഴിക്കോട് | 501 |
| വയനാട് | 9 |
| കണ്ണൂർ | 442 |
| കാസർകോഡ് | 37 |
| ആകെ | 3,674 |

(തസ്തിക നിർണയം സംബന്ധിച്ച അപ്പീൽ/റിവിഷൻ അപ്പീലുകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർ/ ഡയറക്ടർ തലങ്ങളിൽ അദാലത്തുകൾ നടക്കുന്നതിനാൽ മേൽപ്പറഞ്ഞ എണ്ണത്തിൽ നേരിയ വ്യത്യാസങ്ങൾ ഭാവിയിൽ ഉണ്ടാകാനിടയുണ്ട്).

സെക്ഷൻ ഓഫീസർ